**പാലക്കാട് തദ്ദേശസ്വയംഭരണവകുപ്പ് ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) കൺവീനറുടെ നടപടിക്രമം**
(ഹാജർ: കെ സതീഷ് കുമാർ)

സംഗ്രഹം:– തദ്ദേശസ്വയംഭരണ വകുപ്പ്– പാലക്കാട് ജില്ല–ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)– തീരുമാനം സംബന്ധിച്ച്

പരാമർശം:– 1. ശ്രീ റിയാസ് കെ, ഷക്കീല മൻസിൽ, എടയ സ്ട്രീറ്റ്, മാങ്കാവ്, പാലക്കാട് എന്നയാൾ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ നൽകിയ പരാതി

2. ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2)യുടെ 29/01/2024 തിയതിയിലെ തീരുമാനം

**<u>ഉത്തരവ് നമ്പർ: LSGD/JD/PKD/6384/2023-I2 തീയ്യതി: 29/01/2024</u>**

ശ്രീ റിയാസ് കെ, ഷക്കീല മൻസിൽ, എടയ സ്ട്രീറ്റ്, മാങ്കാവ്, പാലക്കാട് എന്നയാൾ ഉപജില്ലാതല സ്ഥിരം അദാലത്ത് സമിതി (2) മുമ്പാകെ മുണ്ടൂർ ഗ്രാമപഞ്ചായത്തിൽ നിന്നും, ലേ ഔട്ട് ഡവലപ്മെന്റ് പെർമിറ്റ് ഇല്ലാതെ പ്ലോട്ട് ഡിവിഷൻ നടത്തിയതിനാൽ കെട്ടിടനിർമാണാനുമതി അനുവദിച്ചില്ലെന്നും ഈ പ്രശ്നം പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ പരാതി പരിശോധിച്ചു. പരാതി– "കഴിഞ്ഞ 25 വർഷമായി ഞാനും എന്റെ കുടുംബവും സ്വന്തമായി വീടില്ലാത്തതിന്റെ കാരണത്താൽ വാടകക്കാണ് താമസിക്കുന്നത്. കഴിഞ്ഞ വർഷം 2023 മാർച്ചിൽ മുണ്ടൂർ പഞ്ചായത്തിൽ ലേബർ സ്കൂൾ പുനത്തിൽപറമ്പ് 14 വാർഡ് എന്ന സ്ഥലത്താണ് ഞാൻ വീടുവക്കുന്നതിനായി 10.5 സെന്റ് സ്ഥലം വാങ്ങുന്നത്. വീട് നിർമ്മാണത്തിന് വേണ്ടി പ്ലോട്ട് മുറിച്ചാണ് സ്ഥലത്തിന്റെ ഉടമ വിറ്റിരുന്നത് ഞാൻ ആ സ്ഥലം രജിസ്റ്റർ ചെയ്യുമ്പോൾ 6 മത്തെ പ്ലോട്ട് ആയിരുന്നു വാങ്ങിയത്. കഴിഞ്ഞ വർഷം സെപ്റ്റംബർ ഞാൻ വീടിന്റെ പെർമിറ്റിനു വേണ്ടി മുണ്ടൂർ പഞ്ചായത്തിൽ അപേക്ഷിക്കുകയും അതിനെ തുടർന്ന് പഞ്ചായത്തിൽ നിന്നും ഓവർ സിയർ പരിശോധനക്ക് വരുകയും ചെയ്തു .അപ്പോഴാണ് ഞങ്ങൾക്ക് അറിയാൻ കഴിഞ്ഞത് 10 ഇൽ കൂടുതൽ പ്ലോട്ട് വിറ്റു കഴിഞ്ഞിരുന്നു എന്ന്. സ്ഥലത്തിന്റെ ഉടമ പഞ്ചായത്തിൽ നിന്നു ലാൻഡ് ഡെവലെപ്മെന്റ് അനുമതി എടുത്തില്ലെന്നും ഈ കാരണത്താൽ പെർമിറ്റിന്റെ അപേക്ഷ നിരസിച്ചു. ഇതേ സ്ഥലത്തിനു ഇതിനു മുൻപ് 2 അപേക്ഷയുടെ അടിസ്ഥാനത്തിൽ പെർമിറ്റ് കൊടുത്തിട്ടുമുണ്ട് .ഉടമ കുറച്ചു പ്രായം ഉള്ളതുകൊണ്ടും ആ വ്യക്തി x എയർഫോഴ്സ് ആയതുകൊണ്ടും ലാൻഡ് ഡെവലെപ്മെന്റ് കാര്യങ്ങളെ കുറിച്ച് അറിയുന്നില്ല. ഇപ്പോൾ പഞ്ചായത്തിലേ നിയമ ചട്ടങ്ങൾ അനുസരിച്ച വാങ്ങിയ വ്യക്തിക്കോ ഉടമസ്ഥനോ ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. ഈ പ്രശ്നത്തിന്

പരിഹാരം ഉണ്ടാക്കി തരണമെന്ന് താഴ്മയോടെ അപേക്ഷിച്ചു കൊള്ളുന്നു." – പഞ്ചായത്തിൽ നിന്നും ടൗൺ പ്ലാനറിൽ നിന്നും ലഭിച്ച കത്തുകളും ഉള്ളടക്കം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും വിശദമായ റിപ്പോർട്ട് ലഭ്യമാക്കി. ലേ ഔട്ട് ഡവലപ്മെന്റ് പെർമിറ്റ് ഇല്ലാതെ പ്ലോട്ട് ഡിവിഷൻ നടത്തിയതിൻമേൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും KPBR ചട്ടപ്രകാരം സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി കത്ത് നൽകാവുന്നതാണെന്ന് ടൗൺ പ്ലാനറുടെ കത്തിൽ പറയുന്നു. ആയതിനാൽ, സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭ്യമാക്കുന്നതിനായി സെക്രട്ടറി ഉചിതമാർഗേന കത്ത് നൽകേണ്ടതാണ്. സമാനമായ ഒരു അപേക്ഷ ഈ അദാലത്ത് സമിതിയിൽ നിന്നും ESCALATE ചെയ്ത് സംസ്ഥാന അദാലത്ത് സമിതിയുടെ പരിഗണനയിൽ ഉള്ളതുമാണ്. ആയതിനാൽ സർക്കാരിൽ നിന്നും ഇത് സംബന്ധിച്ച സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്കോ, മറ്റ് ഉത്തരവുകൾ ലഭിക്കുന്ന മുറക്കോ തുടർനടപടികൾ സ്വീകരിക്കുന്നതിനു സെക്രട്ടറിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ഒപ്പ്

കെ സതീഷ് കുമാർ

ഇന്റേണൽ വിജിലൻസ് ഓഫീസർ

തദ്ദേശസ്വയംഭരണവകുപ്പ് പാലക്കാട്

പകർപ്പ്: ശ്രീ റിയാസ് കെ, ഷക്കീല മൻസിൽ, എടയ സ്ട്രീറ്റ്, മാങ്കാവ്, പാലക്കാട്